മലപ്പുറം ജില്ലയിലെ വനങ്ങളിലെ തടി മോഷണം

119 [T1837] ശ്രീ. ഇസ് ഹാക്ക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ കാടുകളിൽനിന്ന് മരങ്ങൾ മോഷണം പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ എത്ര ലക്ഷം രൂപയുടെ മരങ്ങളാണ് മോഷണം പോയത് എന്ന് വെളിപ്പെടുത്തുമോ ;

(സി) ഇതു തടയുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1-1-2004 മുതൽ 31-12-2004 വരെ നിലമ്പൂർ നോർത്ത് ഡിവിഷനിൽ 37,000 രൂപയും നിലമ്പൂർ സൗത്ത് ഡിവിഷനിൽ 61,250 രൂപയും വിലമതിക്കുന്ന മരങ്ങൾ മോഷണം പോയിട്ടുണ്ട്.

(സി) മോഷണം തടയുന്നതിനായി രാത്രികാല പട്രോളിംഗും റെയിഡുകളും ശക്തമാക്കിയിട്ടുണ്ട്. വനവിഭവങ്ങളുടെ മോഷണം തടയുന്നതിന് താഴെപ്പറയുന്ന രണ്ടു പദ്ധതികൾ നടപ്പിലാക്കിവരുന്നു:

1. കാമൃകം : പൊതുജനപങ്കാളിത്തത്തോടെ വനത്തെ സംരക്ഷിക്കുന്നതിനായി പ്രശ്നസാധ്യതയുള്ള പ്രദേശങ്ങളിൽ അറിയപ്പെടുന്ന പരിസ്ഥിതി പ്രവർത്തകരോ റെയിഞ്ച് ഓഫീസറിൽ കുറയാത്ത റാങ്കിലുള്ള വനം വകുപ്പ് ഉദ്യോഗസ്ഥരോ പ്രാഥമിക പരിസ്ഥിതി ജ്ഞാനമുണ്ടെന്ന് സർട്ടിഫൈ ചെയ്തിട്ടുള്ള സന്നദ്ധ സേനാംഗങ്ങളെ പരമാവധി 6 പേരിൽ കവിയാത്ത ചെറുസംഘങ്ങളായി തിരിച്ച് തെരഞ്ഞെടുത്ത പ്രദേശങ്ങളിൽ ക്യാംമ്പുചെയ്യുന്ന പദ്ധതിയാണ് കാമൃകം. ഇതിനായി മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. പരമാവധി 2 രാത്രി മാത്രമാണ് ഒരു ഗ്രൂപ്പിനെ വനത്തിൽ താമസിക്കാൻ അനുവദിക്കുക. ഒരോ ഗ്രൂപ്പിനോടൊപ്പം വനംവകുപ്പിന്റെ അംഗീകൃത വാച്ചർമാരോ വനസംരക്ഷണ സമിതി അംഗങ്ങളോ ഉണ്ടായിരിക്കും. മാർച്ച് ഒന്നുമുതലാണ് ഈ പദ്ധതി നടപ്പിലാക്കി തുടങ്ങിയത്. പ്രസ്തുത പദ്ധതിക്ക് വളരെ അനുകൂല പ്രതികരണം ലഭിക്കുന്നുണ്ട്.

2. ഹരിതസേന : മലപ്പുറം ജില്ലയിലെ മുഴുവൻ പരിസ്ഥിതി പ്രവർത്തകരുടെ സഹകരണത്തോടെ വനസംരക്ഷണം ഉറപ്പാക്കുന്നതിനാണ് ഹരിതസേന രൂപീകരിച്ചിരിക്കുന്നത്. മാസത്തിലൊരിക്കൽ (ആദ്യത്തെ ബുധനാഴ്ച) സേനാംഗങ്ങൾ ഒരുമിച്ച് ചേരുകയും വനസംരക്ഷണത്തിന്റെ പ്രായോഗിക ബുദ്ധിമുട്ടുകളും വനസംരക്ഷണത്തിന് ഭീഷണിയായ കാര്യങ്ങളെയും കുറിച്ച് ചർച്ച ചെയ്യുകയും പരിഹാരം തേടുകയും ചെയ്യുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly